(ബി) വ്യവസായ വാണിജ്യവകുപ്പ് പ്രധാനമന്ത്രിയുടെ സ്വയംതൊഴിൽ പദ്ധതി (പി. എം. ആർ. വൈ.) എന്ന പേരിൽ ഒരു സ്വയം തൊഴിൽ പദ്ധതി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതി പ്രകാരം 8-ാം തരം വിജയിച്ച വാർഷിക വരുമാനം 40,000 രൂപവരെയുള്ള ജില്ലയിൽ മൂന്നു വർഷമെങ്കിലും സ്ഥിരതാമസമാക്കിയ 35 വയസ്സുവരെയുള്ള പുരുഷൻമാർക്കും 45 വയസ്സുവരെയുള്ള സ്ത്രീകൾക്കും അപേക്ഷിക്കാവുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാർ, വികലാംഗർ, വിമുക്തഭടൻമാർ എന്നിവർക്കും 45 വയസ്സു വരെ അപേക്ഷിക്കാവുന്നതാണ്. നേരിട്ടുള്ള കൃഷിയിറക്കൽ, വളം വാങ്ങൽ ഒഴികെ സാമ്പത്തിക ഉന്നമനം നൽകുന്ന ഏതൊരു സംരംഭവും ഈ പദ്ധതി പ്രകാരം തുടങ്ങാവുന്നതാണ്. ബാങ്കുകളാണ് ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്. വ്യവസായ സേവന മേഖലകളിൽ രണ്ടു ലക്ഷം രൂപവരെയുള്ള പദ്ധതികളും കച്ചവടമേഖലയിൽ ഒരു ലക്ഷം രൂപവരെയുള്ള പ്രോജക്ടുകളും ഒരു വ്യക്തിക്ക് ഇതുപ്രകാരം നടത്താവുന്നതാണ്. ഈ പദ്ധതിക്ക് കൂടുതൽ പ്രചാരം നൽകുന്നതിന് മാധ്യമങ്ങളിലൂടെ പരസ്യങ്ങളും നൽകുന്നു. മാത്രമല്ല അതാതു സ്ഥലങ്ങളിലെ തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരെ സംഘടിപ്പിച്ചുകൊണ്ട് കൂട്ടായ്മയും ബോധവൽക്കരണ സെമിനാറുകളും സംഘടിപ്പിച്ചിരുന്നു. പരിശീലനം ആവശ്യമുള്ളവർക്ക് അവരവരുടെ അഭിരുചിക്കനുസരിച്ച് പരിശീലനം നൽകുന്നതിനുള്ള സഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 100.33% നേട്ടം കൈവരിച്ചിട്ടുണ്ട്.

(സി) വ്യവസായ വകുപ്പുവഴി ഇപ്പോൾ നടപ്പിലാക്കിവരുന്ന സ്വയം തൊഴിൽ പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (പി. എം. ആർ. വൈ.) കേന്ദ്ര സർക്കാർ പദ്ധതിയാണ്. നിലവിലുള്ള സബ്സിഡി 7500 രൂപയിൽ നിന്നും വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് അപേക്ഷ നൽകിയിരുന്നെങ്കിലും പരിഗണിച്ചിട്ടില്ല. പരമാവധി വായ്പാ തുക രണ്ടുലക്ഷം രൂപയിൽ നിന്നും കൂട്ടണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

അഗതികളുടെയും നിർദ്ധനരുടെയും ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ

111 [1284] *ശ്രീ. തോമസ് ചാഴികാടൻ:*

„ *റോഷി അഗസ്റ്റിൻ:*

„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് അഗതികളുടെയും നിർദ്ധനരുടെയും ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പദ്ധതികൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(സി) ഇപ്രകാരം എത്ര കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇത് സംബന്ധിച്ച് സർവ്വേ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്തെ അഗതികളും നിർദ്ധനരുമായ ജനങ്ങൾക്ക് അവശ്യഘട്ടങ്ങളിൽ സാമ്പത്തിക സഹായം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി ''സാധുജന സാമൂഹ്യസുരക്ഷിതത്വ ഫണ്ട്'' എന്ന പേരിൽ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കുടുംബശ്രീയുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കുടുംബശ്രീ ആശ്രയപദ്ധതിയുടെ നടത്തിപ്പിനായി അഗതി കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള അഗതികുടുംബങ്ങളും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അന്തേവാസികളായി കഴിയുന്നവരുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. മേൽ പ്രസ്താവിച്ച വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് സർക്കാരോ, ഇതര സർക്കാർ ഏജൻസികളോ അനുവദിക്കുന്ന ധനസഹായത്തിന് പുറമേ ഗുണഭോക്താക്കളുടെ ആവശ്യകതയ്ക്കനുസൃതമായി പരമാവധി 10,000 രൂപവരെ കുടുംബം ഒന്നിന് അതാത് ഗ്രാമപഞ്ചായത്തുകൾവഴി വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ആശ്രയപദ്ധതി നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്ത്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലാണ് ഈ പദ്ധതിയും പ്രാവർത്തികമാക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്. ഇപ്പോൾ 368 ഗ്രാമപഞ്ചായത്തുകളിൽ ആശ്രയപദ്ധതി നടപ്പിലാക്കുന്നുണ്ട്. ശേഷിക്കുന്ന ഗ്രാമപഞ്ചായത്ത്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ആശ്രയപദ്ധതി പ്രാവർത്തികമാക്കുന്ന മുറയ്ക്ക് ഈ പദ്ധതിയും വിപുലീകരിക്കുന്നതാണ്.

(സി) 65 കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

(ഡി) ഉണ്ട്. ആശ്രയപദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിലാണ് ഈ പദ്ധതിയും നടപ്പിൽ വരുത്തുന്നത്. ആശ്രയ പദ്ധതിയുടെ നടത്തിപ്പിനായി അഗതി കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അഗതി കുടുംബങ്ങളാണ് ഈ പദ്ധതിയുടെയും ഗുണഭോക്താക്കൾ. കൂടാതെ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനത്തിലെ അന്തേവാസികളും ഇതിന്റെ ഗുണഭോക്താക്കളാണ്. 368 ഗ്രാമപഞ്ചായത്തിലെ അഗതികളുടെ പട്ടിക കുടുംബശ്രീ തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly